# കുന്നുകര സി ഡി എസ്

## കോവിഡ് കാല പ്രവർത്തനങ്ങൾ

# കുന്നുകര സി ഡി എസ്

1998 മെയ് 17 നു ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഭാഗമായി 2003 ൽ പാറക്കടവ് ബ്ലോക്കിൽ കാർഷിക ഗ്രാമമായ കുന്നുകര ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി അതിന്റെ പ്രവർത്തനം തുടങ്ങി.തുടക്കത്തിൽ 160 കുടുംബശ്രീ യൂണിറ്റുകൾ ആണ് ഉണ്ടായിരുന്നത് .ഇന്ന് 218 അയൽക്കൂട്ടങ്ങളിലായി 3881 വനിതകൾ ഈ സി ഡി എസിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു .വയോജന ക്ഷേമം മുൻ നിർത്തി 26 വയോജന അയൽക്കൂട്ടങ്ങളും കുട്ടികൾക്കായി 42 ബാലസഭകളും ഉണ്ട് .കൃഷിയുടെ പ്രോത്സാഹനത്തിനായി 52 കൃഷി ഗ്രൂപ്പുകളും കൂടാതെ ഉപജീവന പ്രവർത്തനങ്ങൾക്കായി 26 വ്യക്തിഗത സംരംഭങ്ങളും 16 ഗ്രൂപ്പ് സംരംഭങ്ങളും ഉണ്ട്.നിരവതി മേഖലകളിൽ സ്ത്രീകൾ കഴിവുകൾ തെളിയിച്ചു കൊണ്ടിരിക്കുന്നു

കോവിഡ് കാലപ്രവർത്തനങ്ങൾ

കോവിഡ് രോഗ ബാധ നിയന്ത്രണങ്ങളുടെ ഭാഗമായി സർക്കാര് പുറപ്പെടുവിക്കുന്നവിവിധ നിർദേശങ്ങളും അറിയിപ്പുകളും യഥാസമയം സമൂഹത്തിന്റെ വിവിധ കോണുകളിൽ എത്തിക്കുന്നതിനായി സി ഡി എസ് തലത്തിലും എല്ലാ എ ഡി എസ് തലത്തിലും സാധ്യമായ എല്ലാ അയൽക്കൂട്ടങ്ങളിലും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു .ഇത് വഴി സംസ്ഥാന സർക്കാർ പുറപ്പെടിവിക്കുന്ന നിർദേശങ്ങൾ സമൂഹത്തിന്റെ താഴെ തട്ടിൽ എക്കെത്തിക്കാനായി .

**തുണി സഞ്ചി, മാസ്ക് നിർമാണം.**

പല വാർഡുകളിൽ നിന്നായി മുപ്പതോളം അംഗങ്ങൾ മാസ്കിന്റെയും തുണി സഞ്ചിയുടെയും നിർമാണത്തിൽ ഏർപ്പെടുകയും15000 മാസ്കുകൾ ഇതുവരെ തയ്ച്ചു സൗജന്യ നിരക്കിലും കൂടാതെ 8/- രൂപ നിരക്കിലും കൊടുക്കാൻ സാധിച്ചു .പുറത്തെ വിപണിയിൽ ഒരു മാസ്കിനു 50 /- രൂപ വരെ വില കൂടിയ സമയത് ഇത്രയും കുറഞ്ഞ നിരക്കിന് മാസ്ക് നിർമിച്ചു നല്കാൻ പറ്റി എന്നുള്ളത് എടുത്തു പറയേണ്ട ഒന്നാണ് .കൂടാതെ ജനുവരി1 മുതൽ എറണാകുളം പ്ലാസ്റ്റിക് രഹിത ജില്ലയായതിനാൽ തുണിസഞ്ചി നിർമാണത്തിൽ 5 യൂണിറ്റുകൾ ഊർജസ്വലരായി പ്രവർത്തിക്കുന്നതിനാൽ വളരെ കുറഞ്ഞ നിരക്കിൽ തുണി സഞ്ചികൾ വിപണിയിൽ എത്തിക്കാൻ പറ്റുന്നുണ്ട് .





c

## കമ്മ്യൂണിറ്റി കിച്ചൻ, ജനകീയ ഹോട്ടൽ

ലോക്ക് ഡൌൺ സമയങ്ങളിൽ ആരും പട്ടിണി കിടക്കരുത് എന്നതിന്റെ അടിസ്ഥാനത്തിൽ തുടങ്ങി വെച്ച കമ്മ്യൂണിറ്റി കിച്ചൻ ആദ്യ ഘട്ടത്തിൽ 4 എണ്ണം ഉണ്ടായിരുന്നു .പിന്നീട് അതിൽ രണ്ടെണ്ണം ജനകീയ ഹോട്ടൽ ആയി മാറുകയും ചെയ്തു .ഇവയുടെ പ്രവർത്തനത്തിൽ എടുത്തു പറയേണ്ടത് , ഇവിടുത്തെ 9 ജെ എൽ ജി കളിൽ നിന്നുള്ള പച്ചക്കറികൾ ആണ് ഇവയുടെ പ്രവർത്തനത്തിൽ മുഖ്യ പങ്ക് വഹിച്ചിട്ടുള്ളത്



ഇതോടൊപ്പം "എന്റെ മണ്ണ് ,എന്റെ അടുക്കളയ്ക്ക് എന്റെ പച്ചക്കറി " ചലഞ്ചിനെ കുറിച്ചും പറയട്ടെ .

മണ്ണിന്റെ ഗന്ധം യഥാർത്ഥത്തിൽ മലയാളി അറിഞ്ഞു തുടങ്ങിയത് ലോക്ക് ഡൌൺ സമയത്തായിരിക്കണം .കാരണം വിശപ്പിന്റെ വിളി വരുമ്പോൾ നമ്മൾ എപ്പോഴും ആശ്രയിച്ചിരുന്നത് അന്യ സംസ്ഥാനങ്ങളെ ആണ് .തുടർന്ന് സ്വയം പര്യാപ്തരാവണം എന്ന തിരിച്ചറിവിൽ നിന്ന് വീട്ടു മുറ്റത്തു പച്ചക്കറി കൃഷി ചെയ്യുന്നതിനും നമ്മുടെ കുടുംബശ്രീ അംഗങ്ങൾ അവരുടെ സ്വന്തം ആവശ്യത്തിന് പച്ചക്കറി കൃഷി ചെയ്യുകയും ചെയ്തു .




നമ്മുടെ നാട്ടിൽ സുലഭമായി കിട്ടുന്ന ചക്ക കൊണ്ടുള്ള വൈവിധ്യമേറിയ വിഭവങ്ങൾ തയാറാക്കുക എന്ന വെല്ലുവിളി നൽകിയപ്പോൾ ഒരു മടിയും കൂടാതെ അംഗങ്ങൾ അത് ഏറ്റെടുക്കുകയും തുടർന്ന് അത് തയാറാക്കാനുള്ള ഓൺലൈൻ മത്സരത്തിൽ നിരവധി പേര് പങ്കെടുക്കുകയും ചെയ്തു .

സൈബർ അരങ്ങ്

ലോക്ക് ഡൌൺ സമയത് ഉള്ള പിരിമുറുക്കം കുറയ്ക്കുന്നതിനും കുടുംബശ്രീ അംഗങ്ങൾക്കുള്ളിൽ ഉള്ള കഴിവുകളെ കണ്ടെത്തുന്നതിനും ജില്ലാ മിഷൻ നടത്തിയ സൈബർ അരങ്ങിൽ നിരവധി അയൽക്കൂട്ട അംഗങ്ങൾ നല്ല പാട്ടുകാരി , കവിത രചന എന്നീ മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു .അതിൽ കവിതരചനയ്ക്ക് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു .

എന്റെ കുടുംബശ്രീ

കുടുംബശ്രീപ്രസ്ഥാനത്തിന് 22 വയസ് തികയുന്നതിനോടനുബന്ധിച് അംഗങ്ങൾക്കിടയിൽ നടത്തിയ എന്റെ കുടുംബശ്രീ പരിപാടിയിലും പങ്കെടുക്കുകയും ഈ പ്രസ്ഥാനത്തിൽ വന്നതിനു ശേഷം ഉണ്ടായ നല്ല മാറ്റങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വീഡിയോ തയാറാക്കുകയും ചെയ്തു .

ബാലസഭാ പ്രവർത്തനങ്ങൾ





ലോക്ക് ഡൌൺ സമയങ്ങളിൽ കുട്ടികൾക്കായി സർഗം ,ഞാനും എന്റെ മുത്തശിയും എന്നീ പരിപാടികളും കൂടാതെ ലോക ഭൗമ ദിനത്തോടനുബന്ധിച്ചും ഉള്ള പ്രവർത്തങ്ങളും നടത്തിയിരുന്നു .ഇതിന്റെ ഭാഗമായി കുട്ടികൾ മരങ്ങൾ വെച്ച് പിടിപ്പിക്കുകയും ചെയ്തു.

മുഖ്യമന്ത്രിയുടെ സഹായ ഹസ്തം

കോവിഡിനെ പ്രതിരോധിക്കാൻ പ്രഖ്യാപിച്ച ലോക്ക് ഡൗണിൽ ,വരുമാനം നഷ്ടപ്പെട്ട സാധാരണക്കാർക്ക് വേണ്ടി ഉള്ള പദ്ധതിയായ മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയുടെ ഉപഭോക്താക്കളായി 182 അയൽക്കൂട്ടങ്ങളിൽ നിന്നായി 1636 അംഗങ്ങൾ ഉണ്ട് .ഇവർക്കായി 18200000 രൂപ ഈ പദ്ധതിക്കായി നീക്കി വെച്ചിരിക്കുന്നു . മേൽ പറഞ്ഞ പ്രവർത്തനങ്ങൾ നടക്കുന്നതോടൊപ്പം തന്നെ സമൂഹത്തിലെ കഷ്ടത

നുഭവിക്കുന്ന ആശ്രയ വിഭാഗത്തിന് വേണ്ടിയും സി ഡി എസ് പ്രവർത്തിക്കുന്നതു കാണാം .കമ്മ്യൂണിറ്റി കിച്ചണിൽ നിന്ന് ഭക്ഷണം എത്തിച്ചതിനോടൊപ്പം അവരുടെ ക്ഷേമ കാര്യങ്ങൾ അന്വേഷിക്കുന്നതിന് ഗൃഹ സന്ദർശനവും നടത്തിയിരുന്നു .തുടർന്ന് അവർക്ക് ആവശ്യമുള്ളത് എന്തൊക്കെയെന്ന് ചോദിച്ചറിയുകയും അതിനനുസരിച്ചു സന്നദ്ധ സംഘടനകളുടെയും ,തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പൊതുജനങ്ങളുടെയും സഹായത്തോടെ അവയൊക്കെയും എത്തിക്കാനും ശ്രമിച്ചു .

മുകളിൽ പറഞ്ഞതൊക്കെയും സിഡ്സ് ന്റെ നേട്ടങ്ങളും പ്രവർത്തനങ്ങളും ആണ് .എന്നാൽ സി ഡി എസ്സിന് ചില പരിമിതികളും ഉണ്ട് .

അവയിൽ ആദ്യത്തേത് ഭൂമി ശാസ്ത്ര പരമായത് തന്നെ .രണ്ടു പ്രാവശ്യവും പ്രളയം സാരമായി ബാധിച്ച പ്രദേശമാണ് കുന്നുകര .ഇത് ഈ നാടിന്റെ സാമ്പത്തിക അവസ്ഥയെ സാരമായി തന്നെ ബാധിക്കുകയും ചെയ്തു. അതിൽ നിന്ന് കര കയറി വരുന്ന അവസരത്തിൽ ആണ് കോവിഡ് എത്തിയത് .ഇതെല്ലം തന്നെ കുടുംബശ്രീ അംഗങ്ങളെയും സാരമായി ബാധിച്ചു എന്നത് എടുത്ത് പറയേണ്ടതില്ലല്ലോ . സ്വാഭാവികമായും സാമ്പത്തിക അരക്ഷിതാവസ്ഥ ഇവിടെ നില നിൽക്കുന്നുണ്ട് .ഇതിനായി അംഗങ്ങങ്ങൾക്കിടയിൽ തന്നെ സാമ്പത്തിക സാക്ഷരത നടത്തേണ്ടതാണ് ഉണ്ട് .കൂടാതെ കടം വരുമ്പോൾ സ്വാശ്രയ പണമിടപാട് സ്ഥാപങ്ങളെ ആശ്രയിക്കുകയും ചെയ്യേണ്ടി വരുന്നുണ്ട്.അവയിൽ ചിലതു മാത്രമാണ് മുത്തൂറ്റ്,ഇസാഫ് എന്നിവ.

ഇതൊക്കെയാണെങ്കിലും വീണ്ടും ഇതെല്ലാം കഴിഞ്ഞു ഒരു നല്ല സമയം വരും പ്രതീക്ഷയിൽ ആണ് ഈ നാടും കുടുംബശ്രീ പ്രവർത്തകരും .അതിനായി ഊർജം പകരുന്ന ജില്ലാ മിഷൻ റെ പ്രവർത്തങ്ങളിൽ ഇനിയും പങ്കാളികൾ ആകും എന്ന വിശ്വാസവും അവർ പ്രകടിപ്പിക്കുന്നു .

റിപ്പോർട്ട് തയാറാക്കിയത് :

സുജിത കെ.എസ്

BC MIS & Org.

PH:9895475666

പ്രവീണ അജികുമാർ

ചെയർപേഴ്സൺ ,കുന്നുകര സി ഡി എസ്

PH:9747924892